അന്വേഷിച്ചു വരുന്നു. ഇതുകൂടാതെ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ക്രൈം എൻക്വയറി സെൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്ന സൈബർ സെല്ലുകൾ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണത്തിന് ലോക്കൽ പോലീസിന് വേണ്ട സാങ്കേതിക സഹായവും നൽകി വരുന്നു.

(ഇ) മനുഷ്യാവകാശങ്ങൾ ഉറപ്പാക്കുന്ന രീതിയിൽ നിലവിലുള്ള പോലീസ് നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായി കേരള പോലീസ് ബിൽ 2010, 12-ാം കേരള നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഇതുകൂടാതെ ഐ.എം.ജി.-യുമായി സഹകരിച്ച് പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന, ഒരു പൗരാവകാശ രേഖ തയ്യാറാക്കിവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തരിശ്ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

21 (*201) ശ്രീ. പി. റ്റി. എ. റഹിം :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിന്റെ ഫലമായി എത്ര ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഈ വർഷം എത്ര ഏക്കർ തരിശുഭൂമികൂടി കൃഷിയോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി കുടുംബശ്രീയ്ക്ക് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നെൽകൃഷി നടത്താതെ തരിശിട്ടിരിക്കുന്ന വയലുകളെ സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ വിവരം ശേഖരിച്ചിട്ടുണ്ടോ ;

(എഫ്) ഇവിടെ കൃഷി ചെയ്യുന്നതിന് ഉടമസ്ഥരെ പ്രേരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) തദ്ദേശസ്വയംഭരണ സ്ഥാനപനങ്ങളുടെ സഹകരണത്തോടെ സി. ഡി. എസ്. ആക്ഷൻ പ്ലാൻ പ്രകാരം ലഭ്യമാക്കുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി ഗ്രൂപ്പുകൾ) വഴി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് പഞ്ചായത്തുകളിൽ നിന്ന് പരിശീലനവും, വിത്ത്, വളം, കീടനാശിനി, യന്ത്രസാമഗ്രികൾ തുടങ്ങിയ ഉൽപാദനോപാധികൾ നൽകുകയും ഉൽപ്പന്നങ്ങൾക്കായുള്ള വിപണി ഒരുക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിലം ഒരുക്കൽ, ജലസേചനം എന്നീ സഹായങ്ങൾ നൽകിവരുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീയിൽ നിന്നും വിസ്തൃതി ഉൽപ്പാദന ബോണസ് നൽകുന്നതോടൊപ്പം ബാങ്ക് വായ്പയ്ക്ക് 5% പലിശ സബ്സിഡിയും നൽകുന്നുണ്ട്.

(ബി) 2009-10-ൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന 1771.4 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്തിട്ടുണ്ട്.

(സി) ഈ വർഷം കുടുംബശ്രീ ജെ.എൽ.ജി.-കൾ വഴി 10,000 ഏക്കർ തരിശുഭൂമിയിൽ കൂടി കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ഡി) ഇതിനായി കുടുംബശ്രീയ്ക്ക് പഞ്ചായത്തുകളിൽ നിന്ന് പരിശീലനം, വിത്ത്, വളം, കീടനാശിനി, കാർഷിക യന്ത്രങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം എന്നീ സഹായങ്ങൾ ലഭിച്ചുവരുന്നു.

(ഇ) ഇല്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേ 2009-ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 2008-09 വർഷത്തിൽ 91830 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും 44939 ഹെക്ടർ മറ്റു തരിശുഭൂമിയുമുണ്ട്.

(എഫ്) നെൽകൃഷി നടത്താതെ തരിശിട്ടിരിക്കുന്ന വയലുകളിൽ ഗ്രാമ പഞ്ചായത്തും കൃഷി ഭവനും സംയുക്തമായി വാർഷിക പദ്ധതി പ്രകാരവും സമഗ്രനെൽകൃഷി വികസന പദ്ധതി പ്രകാരവും കർഷകന് വിത്ത്, വളം തുടങ്ങിയ ഉൽപ്പാദന ഉപാധികൾ സബ്സിഡി നിരക്കിലും സ്പ്രെയറുകൾ, ട്രില്ലറുകൾ, കൊയ്ത്തുമെതിയന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ നൽകിയും കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നുണ്ട്.

വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

22(*202) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; അന്താരാഷ്ട്ര മേളകളിൽ കേരള ടൂറിസം വകുപ്പ് പങ്കെടുക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly